## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1763** **04.12.2018**-ൽ മറുപടിയ്ക്ക്.

## കോക്ലിയാർ ഇംപ്ലാന്റേഷൻ

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/2018 നംപർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോക്ലീയാർ ഇംപ്ലാന്റേഷന് തുടർചികിത്സയും, കേൾവിസഹായ ഉപകരണ ഭാഗങ്ങൾ പുതിയതായി വാങ്ങുന്നതിനും,അതിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള ചെലവ് വിവേചന രഹിതമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ)<br>&<br>(ബി) | 14.02.2018 ലെ സ.ഉ (കൈ) നം. 22/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.1.2 (ബി) പ്രകാരം മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ളിയർ ഇംപ്ളാന്റിന് ശേഷമുള്ള കേൾവിസഹായികളും മറ്റും നൽകുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യ തൊഴിലാളികൾ/അവരുടെ മക്കൾ എന്നിവർക്ക് നൽകിയ ഇത്തരം ഉപകരണങ്ങൾ റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. കോക്ലീയാർ ഇംപ്ലാന്റേഷന് വിധേയരായ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും തുടർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | കോക്ലീയാർ ഇംപ്ലാന്റേഷന് വിധേയരായവരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മത്സ്യ തൊഴിലാളി വിഭാഗക്കാർക്കും മാത്രം തുടർ ആനുകൂല്യങ്ങൾ നൽകുന്നതിന് വകുപ്പ് ഇറക്കിയിട്ടുള്ള ഡി.എ 1/718/2018 നമ്പർ സർക്കുലർ തിരുത്തി കോക്ലീയാർ ഇംപ്ലാന്റേഷന് വിധേയരായ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും തുടർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ